LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

286 (1760) ശ്രീ. ജി. സുധാകരൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. എം. ഹംസ :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് കെൽട്രോൺ മുഖേന സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കെൽട്രോണിന് സ്വന്തമായുള്ള യൂണിറ്റുകളിലാണോ കിയോസ്കുകൾ തയ്യാറാക്കപ്പെട്ടത്; എങ്കിൽ എത്ര യൂണിറ്റുകൾ തയ്യാറാക്കുകയുണ്ടായി; വ്യക്തമാക്കുമോ;

(സി) അല്ലെങ്കിൽ ഏത് സ്വകാര്യ സ്ഥാപനവുമായി ഉണ്ടാക്കിയ ധാരണയനുസരിച്ചാണ് കിയോസ്കുകൾ തയ്യാറാക്കപ്പെട്ടതെന്നും ഇത് രൂപകൽപന ചെയ്തത് ഏത് സ്ഥാപനമാണ് എന്നും ; ഇതിന്റെ നിരക്ക് തീരുമാനിച്ചത് ആരാണ്എന്നും വിശദമാക്കുമോ ;

(ഡി) ഇതിനകം എത്ര പഞ്ചായത്തുകൾ കിയോസ്കുകൾ വാങ്ങിയിട്ടുണ്ടെന്നും ഇത് വഴി കെൽട്രോണിന് നൽകിയ മൊത്തം തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഇടപാടിൽ പഞ്ചായത്ത് വകുപ്പ് മന്ത്രിതലത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു?

ഉത്തരം

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കിയോസ്കുകൾ കെൽട്രോൺ മുഖേന സ്ഥാപിക്കുന്നതിന് 22-7-2015-ലെ സ.ഉ.(കൈ) നമ്പർ 241/2015/തസ്വഭവ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെൽട്രോൺ കിയോസ്കുകൾ നിർമ്മിക്കുന്നില്ല. മികച്ച ഗുണനിലവാരവും വിൽപ്പനാനന്തര സേവനവും ഉറപ്പാക്കുന്നതിനായുള്ള സ്പെസിഫിക്കേഷനുകളും നിർദ്ദേശങ്ങളും പ്രകാരം ടെണ്ടർ ചെയ്ത് കിയോസ്കുകൾ സ്ഥാപിക്കുകയും അവയുടെ സർവ്വീസ് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് കെൽട്രോണിന്റെ ചുമതല.

(സി)ഇതുസംബന്ധിച്ച തുടർനടപടികൾ കെൽട്രോൺ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(ഡി) പ്രസ്തുത ഉത്തരവുപ്രകാരം പഞ്ചായത്തുകൾ കെൽട്രോണിൽ നിന്നും കിയോസ്കുകൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല.

(ഇ) പഞ്ചായത്ത് വകുപ്പുമന്ത്രി തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്

287 (1761) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2015-16 വർഷത്തെ പദ്ധതിച്ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ, ഈ സാമ്പത്തിക വർഷം നാളിതുവരെ അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

പഞ്ചായത്തിന്റെ മനോനുമതിയോടെയുള്ള ആസ്തി വികസന പദ്ധതി

288 (1762) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പ് ഭരണാനുമതി നൽകുന്ന ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് കാലതാമസം വരുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കാലതാമസമൊഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് ;

(സി) പദ്ധതി പൂർത്തീകരണത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എഗ്രിമെന്റ്വച്ച പ്രവൃത്തികൾ കാലാവധിയ്ക്കകം പൂർത്തിയാക്കുന്നതിനും ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ അടിയന്തരമായി ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വീഴ്ചവരുത്തിയതായി കണ്ടെത്തുന്ന പക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly